(ഇ) സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം;

(എഫ്) ഓരോന്നിലും എത്ര വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്;

(ജി) ഏതെല്ലാം കോഴ്സുകളാണ് ഈ പുതിയ പോളിടെക്നിക്കുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(എച്ച്) സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ അനുവദിക്കുമ്പോൾ മാനേജ്മെന്റ് സ്വീകരിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) ഉണ്ട്

(ബി, സി, ഡി) സ്വകാര്യമേഖലയിൽ 15. എവിടെയെല്ലാമെന്ന് തീരുമാനിച്ചിട്ടില്ല. സർക്കാർ മേഖലയുടെ കാര്യം തീരുമാനിച്ചിട്ടില്ല.

(ഇ) താഴെ പറയുന്ന നിബന്ധനകളാണ് വച്ചിട്ടുള്ളത്:

(1) 10 ഏക്കർ സ്ഥലവും 5 ലക്ഷം രൂപ ബാങ്ക് ഗ്യാരൻറിയും മാനേജ്മെൻറ് നൽകണം.

(2) മൂലധനച്ചെലവ് 75 ശതമാനം മാനേജുമെൻറും 25 ശതമാനം ഗവൺമെൻറും വഹിക്കുന്നതാണ്.

(3) ആവർത്തനച്ചെലവിൻെറ 75 ശതമാനം ഗവൺമെൻറും 25 ശതമാനം മാനേജുമെൻറും വഹിക്കേണ്ടതാണ്.

(4) സീറ്റുകൾ 75 ശതമാനം ഗവൺമെൻറും 25 ശതമാനം മാനേജുമെൻറും എന്ന തോതിൽ പ്രവേശനത്തിനു ലഭിക്കുന്നതാണ്.

(എഫ്) ഓരോ കോഴ്സിനും 40 വിദ്യാർത്ഥികൾ എന്ന തോതിൽ മൂന്നു കോഴ്സുകളിൽ 120 വിദ്യാർത്ഥികൾക്ക് ഓരോ പോളിടെക്നിക്കിലും പ്രവേശനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ജി) നൂതന കോഴ്സുകൾക്ക് മുൻഗണന നൽകി മൂന്നു കോഴ്സുകൾ വീതം തുടങ്ങുവാനാണ് ഉദ്ദേശം. കോഴ്സുകളെപ്പറ്റിയുള്ള അന്തിമ തീരുമാനം ആയിട്ടില്ല.

(എച്ച്) (1) പത്ത് ഏക്കർ സ്ഥലം ലഭ്യമാക്കുകയും 5 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരൻറി നൽകുകയും വേണം.

(2) മൂലധനച്ചെലവിൻെറ 75 ശതമാനവും ആവർത്തനച്ചെലവിൻെറ 25 ശതമാനവും വഹിക്കണം.

(3) 75 ശതമാനം സീറ്റുകളിലേയും പ്രവേശനം ഗവൺമെൻറ് നടത്തുന്നതാണ്.

ഗിരിവർഗ്ഗ പ്രദേശങ്ങളിലെ വിദ്യാഭ്യാസം

*49 [53] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗിരിവർഗ്ഗ പ്രദേശങ്ങളിലെ വിദ്യാഭ്യാസ വികസനത്തിനു വിദ്യാഭ്യാസവകുപ്പിനു എന്തെങ്കിലും പ്രത്യേക പരിപാടികൾ ഉണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly